കെൽട്രോണിന്റെ കീഴിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ

2 [2139] ശ്രീ. കളത്തിൽ അബ്ദുള്ള:
,, സി. മോയിൻ കുട്ടി:
,, ടി. പി. എം. സാഹിർ:
,, സി. മമ്മൂട്ടി:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കെൽട്രോണിന്റെ കീഴിൽ എത്ര യൂണിറ്റുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട് എന്ന് അറിയിക്കുമോ;

(ബി) ഇതിൽ എത്രയെണ്ണം നഷ്ടത്തിൽ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര എണ്ണം പുനരുദ്ധരിച്ച് ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ പദ്ധതിയുണ്ട്;

(ഡി) അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹോൾഡിംഗ് കമ്പനിയായ കെൽട്രോണിന്റെ കീഴിൽ അഞ്ച് യൂണിറ്റുകളും ഏഴ് വിലപനാനന്തര സേവനകേന്ദ്രങ്ങളും അഞ്ച് സബ്സിഡിയറി കമ്പനികളും പ്രവർത്തിക്കുന്നു.

(ബി) എല്ലാ കമ്പനികളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(സി, ഡി) കെൽട്രോണിന്റെ പുനരുദ്ധാരണം നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ സർക്കാർ പരിശോധിച്ച് വരുന്നു.

എസ്. എസ്. ഐ., എസ്. എം. ഇ. യൂണിറ്റുകൾക്ക് റേറ്റിംഗ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി

3 [2140] ശ്രീ. റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) എസ്. എസ്. ഐ., എസ്. എം. ഇ. യൂണിറ്റുകൾക്ക് റേറ്റിംഗ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനു എൻ. എസ്. ഐ. സി. സഹായിക്കാൻ തയ്യാറാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) റേറ്റിംഗ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം ഏതൊക്കെ ഏജൻസികളിലാണ് നിക്ഷിപ്തമായിരിക്കുന്നതെന്നറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റേറ്റിംഗ് സർട്ടിഫിക്കറിൽ നല്ല നിലവരം പുലർത്തുന്ന യൂണിറ്റുകൾക്ക് വായ്പ നൽകുന്നതിന് ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ ഉറപ്പ് നൽകിയിട്ടുള്ളത് ശദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ എസ്. എസ്. ഐ., എസ്. എം. ഇ. യൂണിറ്റുകൾക്ക് റേറ്റിംഗ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ ജില്ലകളിലും ഈ പദ്ധതി സംബന്ധിച്ച പ്രചരണം നൽകുകയും വിശദാംശങ്ങൾ നിലവിലുള്ള എസ്. എസ്. ഐ., എസ്. എം. ഇ. യൂണിറ്റുകൾക്ക് എൻ. എസ്. ഐ. സി. വഴി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇതിനുള്ള അധികാരം എൻ. എസ്. ഐ. സി.-യിലാണ് നിക്ഷിപ്തമായിരിക്കുന്നത്.

(ഡി) ഉണ്ട്.

(ഇ) ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, കെ. എസ്. എസ്. ഐ എ., എൻ. എസ്. ഐ. സി., എസ്. ഐ. എസ്. ഐ., സി. ഐ. ഐ., ചേംബർ ഓഫ് കോമേഴ്സ് മുതലായവ വഴി എസ്. എസ്. ഐ., എസ്. എം. ഇ. യൂണിറ്റുകൾക്ക് റേറ്റിംഗ് സർട്ടിഫിക്കറ് നൽകുന്നത് സംബന്ധിച്ച പദ്ധതി നടപ്പിലാക്കുന്നതിന് എൻ. എസ്. ഐ. സി. പ്രചാരണ പ്രവർത്തനങ്ങൾ നടത്തിവരികയാണ്,

മലബാർ സിമൻറ്സിലെ ഓവർടൈം വേതനത്തെ സംബന്ധിച്ച്

4 [2141] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ സിമൻറ്സ് ലിമിറഡിൽ പേയ്മെൻറ് ഓഫ് വേജസ് ആക്ട് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) മലബാർ സിമൻറ്സ് ലിമിറഡിൽ എത്ര തൊഴിലാളികൾ എതൊക്കെ തസ്തികകളിലായി ജോലി നോക്കുന്നു;

(സി) ഈ സ്ഥാപനത്തിൽ ഓവർടൈം ആയി തൊഴിലാളികൾ ജോലി നോക്കുന്നുണ്ടോ;

(ഡി) ഓവർടൈം ജോലി നോക്കുന്ന തൊഴിലാളികൾക്ക് പേയ്മെൻറ് ഓഫ് ആക്ട് പ്രകാരമുള്ള എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകേണ്ടത്; ഇതിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇവിടെ നൽകി വരുന്നത്;

(ഇ) ഓവർടൈം ജോലി നോക്കുന്ന തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly